ഗവണ്മെന്റുകൾക്കും കേന്ദ്രഗവണ്മെന്റിനുമാണുള്ളതു്. മദ്യപാനശീലത്തെ തടയുന്നതു പോയിട്ടു് ലഘൂകരിക്കുന്നതിനോ, നിയന്ത്രണവിധേയമെങ്കിലുമാക്കുന്നതിനോപോലും, ഫലപ്രദമായ ഒരു നടപടിയും കൈക്കൊള്ളാൻ കേന്ദ്രഗവണ്മെന്റും സംസ്ഥാനഗവണ്മെന്റുകളും തയ്യാറല്ല എന്നു കേന്ദ്ര മദ്യവർജനകമ്മിററിയുടെ ഡിസംബർ യോഗം എന്ന പ്രഹസനം വ്യക്തമാക്കുന്നു.

സർക്കാരിന്റെ ചാരായഷാപ്പുലേലം അസാദ്ധ്യമാക്കിക്കൊണ്ടു്, മദ്യത്തിനെതിരായി വൈപ്പ് ദ്വീപിൽ ബഹുജനങ്ങൾ പ്രകടിപ്പിച്ച രോഷം സാർവത്രികമായെങ്കിലല്ലാതെ ഈ തിന്മയിൽനിന്നു രാജ്യത്തിനു മുക്തിയില്ല!

(9 ഡിസംബർ, 1982)

## 60. കുടിച്ചു ചാവുക!

ഇന്ത്യയിൽ വ്യവസായങ്ങളെല്ലാം നഷ്ടത്തിലാണോ നടക്കുന്നതു്? അല്ല. ബാംഗ്ളൂരിലെ ഒരു കമ്പനിയുടെ ഉദാഹരണം നോക്കുക. ഈ കമ്പനിയുടെ മൂലധനം രണ്ടു കോടി രൂപയാണു്. അതിൽത്തന്നെ യഥാർത്ഥ നിക്ഷിപ്തമൂലധനം ഇരുപത്തഞ്ചുലക്ഷം രൂപ മാത്രമാകുന്നു. അവശേഷിച്ച നൂറെറഴുപത്തഞ്ചുലക്ഷം രൂപ ഓഹരിയുടമകൾ അടച്ചുതീർത്തതു് അവർക്കു് കമ്പനി നൽകിയ ബോണസ് ഷെയറുകളുടെ രൂപത്തിലാണു്. അങ്ങനെ ഇരുപത്തഞ്ചു ലക്ഷം രൂപ മാത്രം യഥാർത്ഥത്തിൽ മുടക്കി സ്ഥാപിച്ച ഈ കമ്പനി കഴിഞ്ഞ ഒരാണ്ടിൽ ഒരു കോടി നാല്പത്തഞ്ചുലക്ഷം രൂപ അററാദായം ഉണ്ടാക്കി. ഈ കമ്പനിയുടെ വില്പനവരുമാനം ഇരുപത്തേഴു കോടി രൂപ. ആറു കോടി എഴുപത്തിമൂന്നുലക്ഷം രൂപയാണു് കമ്പനി റിസർവ് ഫണ്ടായി നീക്കിവച്ചിട്ടുള്ളതു്.

കമ്പനി നടത്തുന്ന വ്യവസായമെന്താണു്? സ്വർണഖനനം? കള്ളനോട്ടടി? ലോട്ടറി? അല്ല, ഇതൊന്നുമല്ല. ഇതൊരു മദ്യനിർമാണക്കമ്പനിയാണു്.

1979–നും 1982–നും ഇടയ്ക്കുള്ള മൂന്നു വർഷങ്ങളിൽ ഇന്ത്യയിലെ മദ്യവ്യവസായത്തിനു പത്തു ശതമാനംമുതൽ പതിനഞ്ചു ശതമാനംവരെ പ്രതിവർഷ വളർച്ച രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

മഹാത്മാഗാന്ധിയുടെ നാട്ടുകാർ എത്ര മദ്യം ഒരാണ്ടിൽ കുടിച്ചുതീർക്കുന്നു? 'ഇമ്മിണി വളരെ' എന്നല്ലാതെ, കൃത്യമായി പറയാൻ കണക്കുകളില്ല. ഇന്ത്യക്കാർ കുടിച്ചു വററിക്കുന്ന മദ്യത്തെ കള്ളു് (ടോഡി), നാടൻ ചാരായം (അറാക്ക്) ഇന്ത്യയിലുണ്ടാക്കിയ വിദേശമദ്യങ്ങൾ (ഐ. എം. എഫ്. എൽ), ശരിയായ വിദേശമദ്യങ്ങൾ എന്ന നാലിനമായി തിരിച്ചു പറയാറുണ്ടു്. ഇവയിൽ നാലാമത്തെ ഇനം, മിക്കവാറും മുഴുവനും, കള്ളക്കടത്തായാണു് ഇന്ത്യയിലെത്തുന്നതു്. അതിനാൽ അതിന്റെ കണക്കുകൾ ഒരിക്കലും കിട്ടാനിടയില്ല.

ആദ്യത്തെ ഇനമായ കള്ളിന്റെ വിവരവും കിട്ടുക പ്രയാസമാണു്. തെങ്ങു്, പന മുതലായ വൃക്ഷങ്ങൾ ചെത്തിയും മററു വിധത്തിലുമുണ്ടാക്കുന്ന കള്ളിന്റെ കണക്കു് ആരു വയ്ക്കാൻ? ഓരോ സ്റ്റേററിനും കള്ളുചെത്തിനത്തിൽ കിട്ടുന്ന ലൈസൻസ് ഫീസിന്റെ വിവരം മാത്രം കഷ്ടപ്പെട്ടാൽ, ശേഖരിക്കാൻ കഴിഞ്ഞേക്കും. അതിൽനിന്നു് ആകെ കള്ളിന്റെ ഉല്പാദനത്തെപ്പററി ഊഹിക്കുവാൻപോലും സാധ്യമാവുകയി

ല്ല. ഒന്നു മാത്രം പറയാം: നാട്ടിൽ ഒരിടത്തും വേണ്ടത്ര കള്ള് കിട്ടാനില്ലാതായിരിക്കുന്നു. കള്ളിന്റെ ആവശ്യത്തെ അപേക്ഷിച്ച് വളരെ വളരെ കുറവാണ് അതിന്റെ ഉല്പാദനം. മാത്രമല്ല, നമ്മുടെ കുടിയന്മാർക്ക് ആവശ്യമുള്ള ക്ഷിപ്രലഹരി കള്ളിൽനിന്നു കിട്ടുന്നുമില്ല. അതിനാൽ അവർ കൂടുതൽകൂടുതലായി നാടൻ ചാരായം, ഇന്ത്യയിലുണ്ടാക്കിയ വിദേശമദ്യങ്ങൾ എന്നീ പാനീയങ്ങളെ ആശ്രയിക്കുന്നു. ഇവയാണെങ്കിൽ എവിടെയും ഏതു സമയത്തും ഏതു് അളവിലും കിട്ടാനുമുണ്ട്.

നാടൻ ചാരായം, ഇന്ത്യയിലുണ്ടാക്കിയ വിദേശമദ്യങ്ങൾ എന്നിവയെ സംബന്ധിച്ച ചില വിവരങ്ങൾ യു. എൻ. ഐ. എന്ന വാർത്താസ്ഥാപനം തയ്യാറാക്കിയതും മാർച്ച് മൂന്നാം വാരത്തിൽ ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതുമായ ഒരു കുറിപ്പിൽനിന്നു ലഭ്യമാണ്. മലയാളത്തിൽ ഈ കുറിപ്പു പ്രസിദ്ധീകരിച്ചു കണ്ടില്ല. ഈ ലേഖനത്തിനാധാരം മേൽപ്പറഞ്ഞ കുറിപ്പാണ്.

ഇന്ത്യയിൽ ഇപ്പോൾ മുററിത്തഴച്ചുവളരുന്ന വ്യവസായത്തിലൊന്നാണു മദ്യനിർമാണം. ഏററവുമധികം ലാഭമുണ്ടാകുന്ന വ്യവസായങ്ങളിലൊന്നുമാണ് അതു്. മദ്യവ്യാപാരത്തിനുമേൽ സർക്കാർ ചുമത്തുന്ന എക്സൈസ് നികുതി 1979–ൽ 450 കോടി രൂപയായിരുന്നതു് 1983–ൽ 950 കോടി രൂപയോളമായി ഉയർന്നിരിക്കുന്നു—ഇരട്ടിയിലേറെ. അതും നാലു വർഷങ്ങൾക്കകം!

ഏതെങ്കിലും ഒരൊററ ഗവണ്മെൻറ് കേന്ദ്രത്തിൽനിന്നു് ഇന്ത്യയിലെ മദ്യവ്യവസായം സംബന്ധിച്ച കണക്കുകൾ കിട്ടുകയില്ല. സ്റ്റേററ് ഗവണ്മെൻറുകളുടെ കൈയിലേ ഇത്തരം കണക്കുകൾ ഉള്ളൂ. (അവയുടെ കൈയിൽത്തന്നെ ഉണ്ടോ, എന്തോ!) കേന്ദ്രഗവണ്മെൻറിൽ മദ്യവ്യാപാരം സംബന്ധിച്ച ഉത്തരവാദിത്തങ്ങൾ ഭക്ഷ്യമന്ത്രാലയം, ധനകാര്യമന്ത്രാലയം, രാസ—വളമന്ത്രാലയം മുതലായ പല വകുപ്പുകളിലായി ചിതറിക്കിടക്കുകയാണ്.

കേന്ദ്രഗവണ്മെൻറിന്റെ രാസ-വളമന്ത്രാലയത്തിനു കീഴിൽ 'കേന്ദ്ര-മൊളാസസ് ബോർഡ്' എന്ന ഒരു സ്ഥാപനമുണ്ട്. 1983 ഡിസംബർ മുതൽ 19*4 നവംബർവരെയുള്ള പതിനൊന്നു മാസങ്ങളിൽ, കുടിക്കാനുള്ള ചാരായം നിർമിക്കുന്ന കമ്പനികൾക്കു മുപ്പത്തഞ്ചു കോടി ഒരു ലക്ഷത്തിനാല്പതിനായിരം ലിററർ അസംസ്കൃത ആൽക്കഹോൾ ആവശ്യമുണ്ടാകുമെന്നു് ഈ ബോർഡ് കണക്കാക്കിയിരുന്നു. 1978–79–ൽ ആവശ്യമായിവന്നതു് ഇരുപത്തഞ്ചുകോടി എൺപതുലക്ഷം ലിററർ ആൽക്കഹോൾ മാത്രമാണ്. അഞ്ചു വർഷത്തിനകം പത്തു കോടി ലിററോളം ആൽക്കഹോൾ കൂടുതൽ ചാരായം ഉണ്ടാക്കാൻ മാത്രമായി വേണ്ടിവന്നിരിക്കുന്നു. കരിമ്പ് ആട്ടി പഞ്ചസാര നിർമിക്കുമ്പോൾ ബാക്കിവരുന്ന 'മൊളാസസ്' എന്ന വസ്തുവിൽനിന്നാണ് മുഖ്യമായും അസംസ്കൃത ആൽക്കഹോൾ നിർമിക്കുന്നതു്. ഇതിൽ വേണ്ടത്ര വെള്ളമോ, കലർപ്പുകളോ, ചേർത്താൽ, കുടിക്കുന്ന ചാരായമായി.

അസംസ്കൃത ആൽക്കഹോൾ ഉപയോഗിച്ച് ഇന്ത്യയിൽ എത്ര ലിററർ ചാരായമോ, മററു മദ്യങ്ങളോ ആണ്ടുതോറും നിർമിക്കുന്നു? ഈ വിവരം ഒരിക്കലും കിട്ടുകയില്ല. കാരണം, ഇത്ര രൂപ വിലയുള്ള മദ്യമുണ്ടാക്കി എന്നല്ലാതെ, ഇത്ര മദ്യമുണ്ടാക്കി എന്നു് ആരും കണക്കുവെക്കാറില്ല. ബീയർ, വീഞ്ഞ് മുതലായ ചില മദ്യങ്ങൾക്ക് അസംസ്കൃത ആൽക്കഹോളിന്റെ ആവശ്യവുമില്ല.

ഇന്ത്യയിൽ നിർമിക്കുന്ന ബ്രാണ്ടി, വിസ്കി, ജിൻ, റം മുതലായവയെയാണ് 'ഇന്ത്യയിലുണ്ടാക്കിയ വിദേശമദ്യങ്ങൾ' (ഐ. എം. എഫ്. എൽ.) എന്നു പറയുന്നതു്.

ഈ പേരിലെ 'വിദേശ'പദത്തിനു വലിയ അർത്ഥമൊന്നുമില്ല. 1983–ൽ അറുനൂറു കോടിയിലേറെ രൂപ വിലവരുന്ന ഇത്തരം മദ്യങ്ങൾ ഇന്ത്യയിൽ വിററഴിഞ്ഞതായി വ്യാവസായിക കേന്ദ്രങ്ങൾ കരുതുന്നു. ഇതിൽ ബിയർ ഉൾപ്പെടുത്തിയിട്ടില്ല. 1983–ൽ ഇന്ത്യയിൽ നൂററമ്പതു കോടി രൂപയ്ക്കു ബിയർ വിററഴിഞ്ഞിട്ടുണ്ടാവുമത്രെ.

സ്റ്റേററ് ഗവൺമെൻറുകളുടെ മേൽനോട്ടത്തിൽ, കോൺട്രാക്ടർമാരാണു നാടൻ ചാരായം വില്ക്കുന്നത്. ഒരാണ്ടിൽ ആയിരത്തഞ്ഞൂറുകോടി രൂപ വിലയ്ക്കുള്ള നാടൻ ചാരായം ഇന്ത്യയിൽ വിററുവരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതു് നിയമവിധേയമായി വില്ക്കപ്പെടുന്ന ചാരായത്തിൻെറ കണക്കാണ്. കള്ളച്ചാരായം വാററലും വില്പനയും ഇന്ത്യയിൽ എവിടെയും വളരെ വ്യാപകമായി നടന്നുവരുന്നു. പ്രത്യേകിച്ച് മദ്യനിരോധനാട്യം നിലവിലുള്ള ഗുജറാത്ത് പോലത്തെ സ്റ്റേററുകളിൽ. ഇന്ത്യയിൽ ആകെ എത്ര കള്ളച്ചാരായം വാററുന്നുണ്ടെന്നോ, വില്ക്കുന്നുണ്ടെന്നോ പറയാൻ ആർക്കും സാദ്ധ്യമല്ല. കള്ളച്ചാരായവ്യാപാരം വളരെയധികം സമ്പന്നമാണ് എന്നു മാത്രം പറയാം. ഈ വ്യാപാരത്തിൻെറ അഭിവൃദ്ധിക്കു രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്നാമതു്, മുമ്പു നിലവിലിരുന്ന മദ്യനിരോധം അപ്രായോഗികമെന്നു കണ്ടു് കേന്ദ്ര–സ്റ്റേററ് ഗവൺമെൻറുകൾ ഇപ്പോൾ മറുകണ്ടം ചാടിയിരിക്കുകയാണ്. ഒരു വ്യവസ്ഥയും അനുസരിക്കേണ്ടെന്ന നിലയാണ് ഇപ്പോൾ മദ്യനിർമാണത്തിലും മദ്യവ്യാപാരത്തിലും. മദ്യവ്യാപാരികൾ എല്ലാ രാഷ്ട്രീയപ്പാർട്ടികളിലും നുഴഞ്ഞുകയറിയിരിക്കുന്നു. പാർട്ടികളെ നിലനിർത്തുന്നതു് അവരുടെ പണമാണ്. തെരഞ്ഞെടുപ്പുകളിൽ ഒഴുകുന്നതും മദ്യപ്പണംതന്നെ.

ഈ അടുത്തകാലത്തു കള്ളച്ചാരായവ്യാപാരം കണക്കററു് അഭിവൃദ്ധിപ്പെടാനുള്ള മറെറാരു കാരണം കഴിഞ്ഞ മൂന്നു വർഷങ്ങളിലുണ്ടായ അഭൂതപൂർവ്വമായ കരിമ്പുല്പാദനമാണ്. കരിമ്പ് അധികമായതോടെ മൊളാസസ്സിൻെറ നിർമാണവും വളരെയേറെ വർദ്ധിച്ചു. ഈ മൊളാസസ് മുഴുവൻ ചാരായമാക്കിമാററി ജനങ്ങളെ കുടിപ്പിക്കുകയല്ലാതെ വേറെ എന്തു പോംവഴി?

ഓരോ മദ്യനിർമാണശാലയ്ക്കും നിർമിക്കാവുന്ന മദ്യത്തിൻെറ അളവിനു് ഒരു പരിധിയുണ്ട്. അതിൽക്കൂടുതൽ മദ്യം നിർമിക്കാൻ മദ്യഫാക്ടറികളെ അനുവദിക്കരുതെന്ന ഒരു നിരോധം 1975–ൽ നിലവിലുണ്ടായിരുന്നു. പക്ഷേ, സർക്കാരിൻെറ അനുവാദം ആർക്കു വേണം? ഇപ്പോൾ എല്ലാ മദ്യഫാക്ടറികളും, സർക്കാരിൻെറ അനുവാദം വാങ്ങാതെതന്നെ, തങ്ങൾക്ക് ഇഷ്ടമുള്ളത്ര മദ്യം നിർമിച്ചുവരുന്നു. ഉദാഹരണത്തിനു്, ഇന്ത്യയിലെ എല്ലാ മദ്യനിർമാണശാലകളുടെയും മൊത്തം ബീയർ ഉല്പാദനക്കഴിവ് പന്ത്രണ്ടുകോടി നാല്പത്തിരണ്ടുലക്ഷത്തി നാല്പതിനായിരം ലിററർ ആണ്. പക്ഷേ, 1982–ൽ ഇന്ത്യയിൽ ഉല്പാദിപ്പിച്ചതു് പതിനാററു കോടി ലിററർ ബീയർ ആണ്. മററു മദ്യങ്ങളുടെ നിർമാണത്തിലും കാണാം ഇത്തരം നിയന്ത്രണരാഹിത്യം.

ചാരായം നിർമിക്കുന്നതിലാകട്ടെ, ഒരു നിയന്ത്രണവുമില്ല. ആൽക്കഹോൾ വാങ്ങി ചാരായമാക്കി മാററുന്നതു്, വ്യവസായ–വികസന–നിയന്ത്രണനിയമപ്രകാരമുള്ള നിർമാണം (മാനുഫാക്ചറിങ്) അല്ല എന്നും അതിനാൽ ചാരായനിർമാണത്തിനു ലൈസൻസ് ആവശ്യമില്ല എന്നുമാണ് ചാരായനിർമാതാക്കളുടെ വാദം. എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും സിരകളിലൂടെ ഒഴുകുന്നതു് ചാരായപ്പണമാകയാൽ, ഈ വാദത്തെ ചോദ്യംചെയ്യാൻ ആരുമില്ല. അളവിൽക്കവിഞ്ഞു് മദ്യം നിർമിക്കുന്നതിനു് ഒരു മദ്യനിർമാതാവും ഇന്ത്യയിൽ ശിക്ഷിക്കപ്പെട്ടിട്ടുമില്ല.

കൃത്രിമ 'വിദേശ' മദ്യനിർമാണം ഇന്ത്യയിൽ സാർവത്രികമാണ്. വിദേശങ്ങളിൽനിന്ന് അല്പം സ്കോച്ച്‌വിസ്കി വരുത്തി, അതിൽ ഒട്ടേറെ നാടൻ ചാരായം കലർത്തി, ആകർഷകമായ കുപ്പിയിൽ നിറച്ച്, കള്ളലേബലുകളൊട്ടിച്ച് 'വിദേശമദ്യ'മെന്ന നിലയിൽ കൂടിയ വിലയ്ക്കു വില്ക്കാൻ ആർക്കും കുസലില്ല. എക്സൈസ് നികുതി ചുമത്തുന്നത് പത്തു രൂപയുടെ ചാരായം വിൽക്കുമ്പോൾ നൽകേണ്ട എക്സൈസ് നികുതി മാത്രമേ, വിസ്കി എന്ന ലേബൽ ഒട്ടിച്ച്, അതേ ചാരായം നൂറു രൂപയ്ക്കു വിൽക്കുമ്പോഴും, സർക്കാർ വസൂലാക്കുകയുള്ളു. ഇങ്ങനെ ഒരു കുപ്പി കള്ളവിസ്കി നൂറു രൂപയ്ക്കു വിൽക്കുമ്പോൾ 'നിർമാതാ'വിന് അമ്പതു രൂപയോളം ലാഭം കിട്ടുന്നു.

ഇത്തരം കള്ളത്തരങ്ങൾക്ക് എന്നാണൊരറുതിവരുക? 'ഉടൻതന്നെ' എന്നാണു മദ്യവ്യാപാരികളുടെ ഉത്തരം. സർക്കാർ എന്തെങ്കിലും നിയന്ത്രണം ചുമത്തുമെന്ന് അവർ കരുതുന്നില്ല. മദ്യവ്യാപാരികളെ തൊടാൻ ഉള്ള കഴിവ് അട്ടത്തൊന്നും ഇന്ത്യയിൽ ഒരു സർക്കാരിനും ഉണ്ടാവില്ല. പക്ഷേ, 'ഉപഭോക്താവ്' എന്നൊരുത്തൻ ഉണ്ടല്ലോ. അവന്റെ കഴിവ് വർദ്ധിക്കാൻപോവുകയാണ്. ഇന്ത്യയിൽ എല്ലാത്തരം മദ്യങ്ങളും എല്ലാ സ്ഥലത്തും സമൃദ്ധിയായി കിട്ടിത്തുടങ്ങിയാൽ, ഉപഭോക്താവു തനിക്ക് ഇഷ്ടമുള്ളതേ വാങ്ങുകയുള്ളു. അപ്പോൾ, വ്യാജവസ്തുക്കൾക്ക തനിയെ വിലയിടിയും. അങ്ങനെ സിമൻറിലും പഞ്ചസാരയിലും അരിയിലും വെളിച്ചെണ്ണയിലും കരിഞ്ചന്ത പുലർന്നാലും, മദ്യത്തിൽ കരിഞ്ചന്ത് അടുത്തുതന്നെ അസ്തമിക്കുമെന്നു മദ്യവ്യാപാരികൾ ആശ്വാസംകൊള്ളുന്നു. കാരണം, സിമൻറും പഞ്ചസാരയും അരിയും വെളിച്ചെണ്ണയും ഒരു കാലത്തും ഇന്ത്യയിൽ വേണ്ടത്ര കിട്ടാനുണ്ടാവില്ല; എല്ലാത്തരം മദ്യങ്ങളും എവിടെയും എപ്പോഴും സുലഭങ്ങളായിരിക്കുകയുംചെയ്യും.

മദ്യനിരോധനത്തെ ഒരു അടിസ്ഥാന വിശ്വാസപ്രമാണമായിക്കരുതി ഭരണഘടനയിലുൾപ്പെടുത്തിയ ഇന്ത്യ എത്ര വേഗമാണ് ഒരു 'മുഴുക്കുടിയന്മാരുടെ രാഷ്ട്രം' ആയി മാറിയതു്!

(28 മാർച്ച്, 1984)

# 61. ലക്ഷദ്വീപുകൾ

ഇക്കഴിഞ്ഞ ജനുവരി 13 മുതൽ 20 വരെ ഞാൻ ലക്ഷദ്വീപുകളിൽ ആയിരുന്നു.

അറബിക്കടലിൽ, കേരള തീരത്തിൽനിന്ന് 192 കി. മീ. മുതൽ 320 കി. മീ. വരെ അകന്നുകിടക്കുന്ന ഇരുപത്തേഴ് പവിഴ ദ്വീപുകൾക്കുള്ള പൊതുപ്പേരാണു 'ലക്ഷദ്വീപുകൾ' എന്നതു്. ഇവയിൽ പത്തു ദ്വീപുകളിലേ ആൾപാർപ്പുള്ളു. അഞ്ചു ചെറുതുരുത്തുകൾ ഇവയോട് അടുത്തുകിടക്കുന്നു. ഈ തുരുത്തുകൾക്കും ഒററപ്പെട്ടുകിടക്കുന്ന പന്ത്രണ്ടു മററു ദ്വീപുകൾക്കും കൂടി 5.8 ചതുരശ്ര കി. മീ. വിസ്താരമേ ഉള്ളു. ആൾ പാർപ്പുള്ള പത്തു ദ്വീപുകൾക്കുകൂടി 26.2 ച. കി. മീ. ആണ് വിസ്താരം. ഈ ദ്വീപുകളിൽ ഏററവും തെക്കേ അററത്തുള്ള മിനിക്കോയ് ഏതാണ്ട് തിരുവനന്തപുരത്തിനു നേരെ പടിഞ്ഞാറാണ്. ആൾപാർപ്പുള്ള ദ്വീപുകളിൽ ഏററവും വടക്കേ അററത്തുള്ള ചേത്തിലത്ത്, ബിത്ര എന്നിവ കണ്ണൂരിനു പടിഞ്ഞാറായി കിടക്കുന്നു. എല്ലാ ദ്വീപുകളിലും ചേർന്ന് 1981—ൽ 40,028 ആളുകൾ ഉണ്ടായിരുന്നു. ലോകത്തിലെ ഏററവുമധി